**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം.**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1683** **21/1/2014** ൽ മറുപടിയ്ക്ക്

# കൂമ്പുചീയൽ രോഗം മൂലം തെങ്ങ് കൃഷി നശിച്ച കർഷകർക്ക് നഷ്ട പരിഹാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കൃഷ്ണൻ | ശ്രീ. കെ.പി. മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ മലയോര പഞ്ചായത്തുകളിൽ കൂമ്പുചീയൽ രോഗം മൂലം തെങ്ങ് കൃഷി നശിച്ച കർഷകർക്ക് നഷ്ട പരിഹാരം നൽകുന്നതിനു വേണ്ടി പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ; | (എ) കണ്ണൂർ ജില്ലയിലെ മലയോര പഞ്ചായത്തുകളിൽ കൂമ്പുചീയൽ രോഗം മൂലം തെങ്ങ് കൃഷി നശിച്ച കർഷകർക്ക് നഷ്ടപ്പെട്ട ഒരു തെങ്ങിന് 10000 രൂപ ക്രമത്തിലും രക്ഷപ്പെട്ട തെങ്ങിന് 3000 രൂപ ക്രമത്തിലും നഷ്ടപരിഹാരം നൽകണമെന്ന ഒരു പ്രൊപ്പോസൽ കണ്ണൂർ ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറിൽ നിന്നും ലഭിച്ചിട്ടുണ്ട്. എന്നാൽ ഓരോ കർഷകർക്കും എത്ര വീതം തെങ്ങുകൾ കൂമ്പ് ചീയൽ രോഗം മൂലം നഷ്ടപ്പെട്ടിട്ടുണ്ട് എന്ന കണക്കുകൾ മരുന്ന് തളിക്ക് ശേഷം തയ്യാറാക്കുമ്പോൾ മാത്രമേ വ്യക്തമായ കണക്കുകൾ ലഭ്യമാകുകയുള്ളൂ. |
| (ബി) കർഷകർക്ക് നഷ്ട പരിഹാരം നൽകുന്നതിനു വേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) കൂമ്പ് ചീയൽ രോഗം മൂലം തെങ്ങുകൾ നശിച്ചിട്ടുള്ള കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ നിലവിൽ വ്യവസ്ഥയില്ല. |

**സെക്ഷൻ ഓഫീസർ**